# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 6169

07-11-2016- ൽ മറുപടിയ്ക്ക്

### പാലോളി കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.സി. ജോർജ് | | ശ്രീ. കെ.ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | പാലോളി കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) | സംസ്ഥാനത്ത് സാമൂഹിക-സാമ്പത്തിക- ആരോഗ്യ-വിദ്യാഭ്യാസ-കുടിവെള്ളവും ഉൾപ്പെടെയുള്ള വിവിധ മേഖലകളിൽ പിന്നാക്കം നിൽക്കുന്ന ന്യൂനപക്ഷ മതവിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുന്നതിന് പാലൊളി കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശ അനുസരിച്ച് വിവിധ പദ്ധതികൾ വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട് പ്രസ്തുത പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br>1. സി. എച്ച്. മുഹമ്മദ്കോയ മുസ്ലീം ഗേൾസ് സ്കോളർഷിപ്പ്/ ഹോസ്റ്റൽ സ്റ്റൈപ്പന്റ് പദ്ധതി.<br>2. ന്യൂനപക്ഷ മതവിഭാഗങ്ങളിലെ കുട്ടികൾക്ക് വേണ്ടിയുള്ള സി.എ/ഐ.സി.ഡബ്ല്യു.എ/സി.എസ് സ്കോളർഷിപ്പ്.<br>3. നിർധനരായ ന്യൂനപക്ഷ മതവിഭാഗത്തിലെ വിധവകൾക്കുള്ള ഭവന നിർമ്മാണ പദ്ധതി<br>4. ന്യൂനപക്ഷ മതവിഭാഗങ്ങളിലെ കുട്ടികൾക്കു വേണ്ടിയുള്ള കരിയർ ഗൈഡൻസ് പ്രോഗ്രാം<br>5. ന്യൂനപക്ഷ മതവിഭാഗങ്ങളിൽപ്പെടുന്ന, അംഗീകാരമുള്ള പ്രൈവറ്റ് ഐ.റ്റി.ഐ-കളിൽ പഠിക്കുന്ന കുട്ടികൾക്കുള്ള ഫീ-റീഇംബേഴ്സ്മെന്റ് സ്കീം<br>6. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ കുടിവെള്ളവിതരണ പദ്ധതി<br>7. ന്യൂനപക്ഷവിഭാഗത്തിലെ സമർത്ഥരായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് അവാർഡ്.<br>8. ബഹുമുഖ വികസന പദ്ധതി (എം.എസ്.ഡി.പി)<br>9. ഉറുദു ഒന്നാം ഭാഷയായി പഠിച്ച എല്ലാ വിഷയങ്ങൾക്കും എ+ ഗ്രേഡ് നേടിയ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ്. |

| | | | |
|---|---|---|---|
| | | | 10. എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ എല്ലാ വിഷയങ്ങളിലും എ+ ലഭിച്ച മദ്രസ്സാദ്ധ്യാപക ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് ക്യാഷ് അവാർഡ്.<br>11. മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിൽ രണ്ട് വർഷത്തെ അംഗത്വ കാലാവധി പൂർത്തിയാക്കി അംഗത്വം നിലനിർത്തുന്ന മദ്രസ്സാദ്ധ്യാപകരുടെ പെൺമക്കളുടെ വിവാഹത്തിനും സ്വന്തം വിവാഹത്തിനും ധനസഹായം നൽകുന്ന പദ്ധതി.<br>12. മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിലെ അംഗങ്ങൾക്കുള്ള പെൻഷൻ പദ്ധതി.<br>13. ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷൻ മുഖേന മദ്രസ്സാദ്ധ്യാപകർക്ക് ഭവന പദ്ധതി. |
| (ബി) | വഖഫ് ബോർഡിനെ സാമ്പത്തികമായി ശക്തിപ്പെടുത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ പോകുന്നതെന്ന് വിശദമാക്കുമോ; | (ബി) | വഖഫ് ബോർഡിനെ സാമ്പത്തികമായി ശക്തിപ്പെടുത്തുന്നതിന് ബഹു. ധനകാര്യവകുപ്പ് മന്ത്രിയുടെ ബഡ്ജറ്റ് മറുപടി പ്രസംഗത്തിൽ 2 കോടി രൂപ വകയിരുത്തുമെന്ന് പ്രാഖ്യാപിച്ചിരുന്നു. ആയതു സംബന്ധിച്ച വിഷയം ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. |
| (സി) | വഖഫ് ബോർഡിന്റെ കീഴിൽവരുന്ന തസ്തികയിലേയ്ക്കുള്ള നിയമനം പി.എസ്.സി.യ്ക്ക് വിടുവാൻ നടപടിയുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (സി) | വഖഫ് സംബന്ധിച്ച വിഷയങ്ങൾ ചർച്ച ചെയ്യാനായി ബഹു. തദ്ദേശ സ്വയംഭരണം, ന്യൂനപക്ഷ ക്ഷേമം, വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 19-07-2016-ൽ ചേർന്ന യോഗത്തിൽ വഖഫ് ബോർഡിലേയ്ക്കുള്ള നിയമനങ്ങൾ പി.എസ്.സി മുഖേന നടത്താൻ തീരുമാനമെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ